സ്കൂൾ കലോത്സവം:ടാഗോർ വിദ്യാനികേതൻ,മൂത്തേടത്ത് ഹയർ സെക്കണ്ടറി ജേതാക്കൾ

ചപ്പാരപ്പടവ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന തളിപ്പറമ്പ് നോർത്ത് ഉപജില്ലാ കലോത്സവത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 146 പോയിന്റ് നേടി ടാഗോർ വിദ്യാനികേതൻ ഹയർ സെക്കണ്ടറിയും ഹൈസ്കൂൾ വിഭാഗത്തിൽ 155 പോയിന്റ് നേടി തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്കൂളും. എൽ.പി.വിഭാഗത്തിൽ 51 പോയിന്റ് നേടി മംഗര സെന്റ് തോമസ് എൽ.പി സ്കൂളും .യു.പി വിഭാഗത്തിൽ 69 പോയിന്റ് നേടി കരിപ്പാൽ എസ്.വി.യു.പി.എസ്ഉം ഓവറോൾ ചാമ്പ്യൻമാരായി .ഹയർ സെക്കണ്ടറി വിഭാഗത്തിൽ. 130,124 പോയിന്റുകൾ നേടി യഥാക്രമം തളിപ്പറമ്പ് സീതി സാഹിബ് ഹയർ സെക്കണ്ടറിയും മൂത്തേടത്ത് ഹയർ സെക്കണ്ടറിയും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ 144 , 132, പോയിന്റുകൾ നേടി സീതി സാഹിബും ,ടാഗോർ വിദ്യാനികേതനും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എൽ.പി.വിഭാഗത്തിൽ 45 , 41 പോയിന്റുകൾ നേടി ആലക്കോട് എൻ.എസ്.എസ് എൽ.പി.സ്കൂളും , ഉദയഗിരി പ്രത്യാശാ യു.പി.സ്കൂളും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. യു.പി.വിഭാഗത്തിൽ 63 ,60 പോയിന്റുകൾ നേടി ആലക്കോട് നിർമ്മല യു.പി.സ്കൂളും. മൂത്തേടത്ത് ഹൈസ്കൂളും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി .സംസ്കൃതോത്സവത്തിൽ 85 പോയിന്റുകൾ നേടി തൃച്ചമ്പരം യു.പി.സ്കൂളും, ഹൈസ്കൂൾ വിഭാഗത്തിൽ 77 പോയിന്റുകൾ നേടി ഓവറോൾ ചാമ്പ്യൻമാരായി.അറബി കലോത്സവത്തിൽ 45 പോയിന്റുകൾ നേടി തളിപ്പറമ്പ് യത്തീംഖാന എൽ.പി സ്കൂളും, കരിങ്കയം എൽ.പി സ്കൂളും ഓവറോൾ ചാമ്പ്യൻമാരായി.യു.പി വിഭാഗം അറബി കലോത്സവത്തിൽ തളിപ്പറമ്പ് ജി.എം യു.പി.സ്കൂളും. ഹൈസ്കൂൾ വിഭാഗത്തിൽ സീതി സാഹിബും ,സർസയ്യിദ് ഹൈസ്കൂളും ജേതാക്കളായി.

സമാപന സമ്മേളനം ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് സുനിജ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അലി മംഗര അധ്യക്ഷം വഹിച്ചു.കണ്ണൂർ ആർ.ഡി.ഡി. ഒ.എം.സൈബുന്നിസ ബീവി സമ്മാനദാനം നിർവ്വഹിച്ചു. റിയാലിറ്റി ഷോ ഫെയിം ആബിദ് കണ്ണൂർ മുഖ്യ അതിഥിയായിരുന്നു.

ആശംസകൾ

ശ്രീമതി.റോസമ്മ തൈക്കുന്നമ്പുറം(ചെയർപേഴ്സൺ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി)

ശ്രീമതി.ടി.വി.മൈമൂനത്ത്(ചെ.ക്ഷേമകാര്യസ്റ്റാന്റിങ് കമ്മ്റ്റി)

ശ്രീ.കെ.ജെ.ടോമി (ചെ.വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി)

ശ്രീ.എം.യു.ആലി (വാർഡ് മെമ്പർ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്)

ശ്രീമതി.കെ.ജ്യോതി (ഡി.ഇ.ഒ തളിപ്പറമ്പ്)

ശ്രീ പി.സി.പി.മഹമ്മൂദ് ഹാജി(ചെയർമാൻ എം.എ.എച്ച് ട്രസ്റ്റ്)
ശ്രീ.ടി.മൊയ്തു(പ്രസി.കുവേരി സർവ്വീസ് സഹകരണ ബേങ്ക്)
ശ്രീമതി.കെ.ജ്യോതി (പ്രിൻസിപ്പാൾചപ്പാരപ്പടവ് എച്ച്.എസ്.എസ്.)
ശ്രീമതി.കെ.ജ്യോത്സന (ഹെഡ്മിസ്ട്രസ് സി.എച്ച്.എസ്.എസ്)
ശ്രീ.സിദ്ദിഖ്.പി.എ(പ്ര.പി.ടി.എ.ചപ്പാരപ്പടവ് ഹയർസെക്കന്ററിസ്കൂൾ)
ശ്രീ.എം.ശങ്കരനാരായണൻ നമ്പൂതിരി(ഡെപ്യൂട്ടി.എച്ച്.എം)

എ.ഇ.ഒ  ഇ.ശശിധരൻ സ്വാഗതവും പ്രോഗ്രാം കമ്മിറ്റി കൺവീനർ പി.വിനോദ് നന്ദിയും പറഞ്ഞു.